Interest Free Loans to deserving students.

* 700. [3] **Shri K. Hassan Gani** : Will the Chief Minister be pleased to state :

(a) What is the amount provided in 1963-64 for the grant of interest free loans for deserving students ;

(b) what is the amount spent on that account ;

(c) how many students were benefited by the implementation of this scheme ?

Chief Minister (**Shri R. Sankar**) :

(a) One lakh rupees.

(b) & (c) The information is being collected.

കമ്പനികളിൽ ഗവണ്മെൻറ് സർവ്വീസിൽ നിന്നു പെൻഷൻ പററിയ ആളുകളുടെ നിയമനം.

* 701. [4] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം ഗവണ്മെൻറ് സർവ്വീസിൽ നിന്നും പെൻഷൻ പററിയ എത്രപേരെ ഗവണ്മെൻറിനു ഷെയർ ഉള്ള കമ്പനികളിൽ പ്രതിമാസം 400 രൂപയിൽ കൂടുതൽ ശമ്പളത്തിൽ നിയമിച്ചിട്ടുണ്ട് ;

(ബി) അങ്ങനെ നിയമിക്കപ്പെട്ടവരുടെ പേരുവിവരം മേശപ്പുറത്തു വയ്ക്കുമോ ;

(സി) അവർ ഓരോരുത്തരും ഗവണ്മെൻറിൽ പ്രതിമാസം വാങ്ങിയിരുന്ന ശമ്പളമെത്ര ; അവരുടെ പുതിയ ഉദ്യോഗങ്ങളിൽ വാങ്ങുന്ന ശമ്പളമെത്ര ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഈ ഗവണ്മെൻറ് അധികാരത്തിൽവന്നതിനുശേഷം ഗവണ്മെൻറ് സർവ്വീസിൽനിന്നും പെൻഷൻപററിയ നാലുപേരെ ഗവണ്മെൻറിനു ഷെയറുള്ള കമ്പനികളിൽ പ്രതിമാസം 400 രൂപയിൽ കൂടുതൽ ശമ്പളത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി, സി) വിവരങ്ങൾ അടങ്ങുന്ന പട്ടിക † മേശപ്പുറത്തു വച്ചിട്ടുണ്ട്.

സംസ്കൃത വിദ്യാഭ്യാസം

* 702. [5] ‡ ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്താൻ നിർദ്ദിഷ്ടമായ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകളും എന്തെല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ട് ;

(ബി) 1964-65-ൽ ഇക്കാര്യത്തിൽ എന്തെല്ലാം പുതിയ നടപടികളും കൈക്കൊള്ളുന്നുണ്ട് ;

(സി) ഏതെങ്കിലും സംസ്കൃതസ്കൂൾ ഹൈസ്കൂളാക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

† Appendix I

‡ Put by Shri E. P. Gopalan

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതിന്മേൽ എന്തു നടപടിയാണുദ്ദേശിക്കുന്നതു് ;

(ഈ) പട്ടാമ്പി സംസ്കൃതകാളേജിൽ പ്രീ-യൂണിവേഴ്സിറ്റി കോഴ്സ് തുടങ്ങാൻ നടപടിയെടുക്കുമോ ;

(എഫ്) തൃപ്പൂണിത്തുറ സംസ്കൃതകാളേജിന്റെ വികസനത്തിനു് എന്തെല്ലാം കാര്യങ്ങളാണു് ഈ വർഷം ചെയ്യാനുദ്ദേശിക്കുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പ്രസ്തുത കമ്മിറ്റിയുടെ താഴെപ്പറയുന്ന ശുപാർശകൾ നടപ്പിൽ വരുത്തിയിട്ടുണ്ടു്.

1. സംസ്കൃതസ്കൂളുകളിലെ വിദ്യാർത്ഥികൾക്കു് നൽകിവരുന്ന പകുതി ഫീസ് സൗജന്യം മുഴുവൻ ഫീസു് സൗജന്യമായി മാറ്റുക.

2. സംസ്കൃത കാളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി പ്രതിമാസം 45 രൂപാ വീതമുള്ള 125 സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുക.

(ബി) 1964-65-ൽ പുതിയ നടപടികളൊന്നും കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നില്ല.

(സി) അപേക്ഷ കിട്ടിയതായി കാണുന്നില്ല. എന്നാൽ സംസ്കൃത സ്കൂളായിരുന്ന കുന്നത്തെ എസ്സു്. വി. എച്ചു് സ്കൂൾ ഒരു സാധാരണ ഹൈസ്കൂളാക്കാൻ നടപടി എടുക്കുന്നുണ്ടു്.

(ഈ) നടപടി എടുത്തുവരുന്നുണ്ടു്.

(എഫ്) 1962-63-ൽ പ്രസ്തുത കോളേജു് ഡിഗ്രികോളേജായി ഉയർത്തുകയും പ്രീയൂണിവേഴ്സിറ്റി ക്ലാസിൽ കുട്ടികൾക്കു് പ്രവേശനം നൽകുകയും ചെയ്തു. ഇക്കൊല്ലം മുതൽ ഒന്നാം കൊല്ലത്തെ ഡിഗ്രി ക്ലാസ് ആരംഭിക്കുകയും അതിനുവേണ്ട സ്റ്റാഫ്, ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ മുതലായവ അനുവദിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : സംസ്കൃത കാളേജുകൾ ഡിഗ്രി കാളേജുകളായി നിലനിറുത്തേണ്ട ഇന്നത്തെ സ്ഥിതിയിൽ സംസ്കൃതം പ്രധാനവിഷയമായി ഡിഗ്രിയെടുക്കുന്നതിനു് തക്കവിധത്തിൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ സംസ്കൃതം പഠിപ്പിക്കുന്ന ഏർപ്പാടുണ്ടോ ? ഇല്ലെങ്കിൽ അതിനുള്ള ഏർപ്പാടു് ഉണ്ടാക്കേണ്ടതാണെന്ന വസ്തുത ഗവണ്മെന്റു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴും ഏതാനും സംസ്കൃത ഹൈസ്കൂളുകളും ഈ സ്റ്റേറ്റിലുണ്ടു്. മലയാളത്തിനുപകരം സംസ്കൃതം പഠിപ്പിക്കുന്നുണ്ടു്. ഇതിനു മുമ്പു് വളരെ ഏറെ സംസ്കൃതസ്കൂളുകളുണ്ടായിരുന്നു. കാലക്രമത്തിൽ അവയുടെ സംഖ്യ കുറഞ്ഞുവരികയാണു് ചെയ്യുന്നതു്. സംസ്കൃതവിദ്യാഭ്യാസം ചെയ്യുന്നതിനുള്ള അഭിരുചി മുമ്പു് ഉണ്ടായിരുന്നതു പിന്നീടു് പ്രകടമാകാത്തതുകൊണ്ടാണു് ഇങ്ങനെ സാധാരണസ്കൂളായി മാറുന്നതു്. ഇപ്പോഴും ഏതാനും സംസ്കൃതസ്കൂളുകളും ഉണ്ടു്. സംസ്കൃതസ്കൂളുകളിൽ പഠിക്കുന്നവർക്കു് പ്രോത്സാഹനം നൽകുന്നതിനുവേണ്ടിയാണു് ഹൈസ്കൂൾ ക്ലാസുകളിലും ഫീസു് ഇല്ലാതാക്കിയതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഈ സ്റ്റേറ്റിൽ സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾ ഏകദേശം എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഏഴെട്ടു സ്കൂളുകളിലുള്ള കുട്ടികളേയുള്ളു.

ശ്രീ. എം. നാരായണക്കുറുപ്പു് : സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നതുകൊണ്ടു് മറ്റു പൊതു സ്കൂളുകളിൽ സംസ്കൃതാധ്യാപകർക്കു് കൂടുതൽ പ്രയോജനം നൽകുന്ന നടപടി ഗവണ്മെന്റു് അംഗീകരിക്കുമോ ? എന്റെ അറിവു് ശരിയാണെങ്കിൽ നമ്മുടെ നാട്ടിൽ സുമാർ 2000-ൽ അധികം അദ്ധ്യാപകന്മാർ ഉള്ളപ്പോൾ, 300-ൽ അധികം സംസ്കൃത അദ്ധ്യാപകന്മാരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

എന്നാണു് മനസ്സിലാക്കുന്നതു്. അതുകൊണ്ടു് കാളേജിൽ സംസ്കൃതം നിർബന്ധവിഷയമാക്കുക അതുപോലെ സൗകര്യം നൽകാൻ ഗവണ്മെന്റു് മുതിരുമോ ? അല്ലെങ്കിൽ കാളേജിൽ ഇതിനു് കൂടികൂടി ഇല്ലാത്ത വിഷമം നേരിടുകയില്ലേ ?

ശ്രീ. ആർ. ശങ്കർ : സംസ്കൃതം പഠിക്കുന്നതിനു് മുമ്പിലത്തേപ്പോലെ ആളുകൾ ഇപ്പോൾ ആഗ്രഹം പ്രകടിപ്പിക്കുന്നില്ല. അതിനുള്ള മുഖ്യകാരണം, സംസ്കൃവിദ്യാഭ്യാസം കഴിഞ്ഞു വരുന്നവർക്കു് ജോലികിട്ടാനുള്ള വിഷമമാണെന്നു മനസ്സിലാക്കിയിട്ടുണ്ടു്. ഇപ്പോൾ സ്കൂളുകളിൽതന്നെ നാട്ടുഭാഷയ്ക്കു പകരം സംസ്കൃതം പഠിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ടു്. അറബി ഭാഷ പഠിക്കുന്നവർ വളരെ ഏറെ ഉണ്ടെന്നു പറയുന്നതു് ശരിയാണു്. അങ്ങനെ പഠിപ്പിക്കാൻ ആദ്ധ്യാപകരും വളരെയുണ്ടു്. മതപരമായ ഒരാവശ്യമാണെന്ന നിലയിൽ അതു വളരെപ്പേർ പഠിക്കുന്നുണ്ടു്. സംസ്കൃതത്തിനു അതുപോലെ മതപരമായ പ്രാധാന്യം ഉണ്ടെന്നു കരുതുന്നവർ ധാരാളം ഉണ്ടാവുകയില്ല; മുമ്പുണ്ടായിരുന്ന പ്രയാസങ്ങളും നീങ്ങത്തക്കവണ്ണം മറ്റു് സ്കൂളുകളും കാളേജുകളും നടത്തുന്നതുപോലെതന്നെ സംസ്കൃതം പഠിപ്പിക്കുന്ന വിദ്യാലയങ്ങളും നടത്താൻ ഏർപ്പാടു് ചെയ്തിട്ടുണ്ടു്. അവയിൽനിന്നും പാസ്സായി വരുന്നവർക്കു് മറ്റുള്ളവരെപ്പോലെ പരിഗണന നൽകുന്നുണ്ടു്. അതുകൊണ്ടു് ഇനിമേൽ ഈ ബുദ്ധിമുട്ടു് ഉണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : പട്ടാമ്പി സംസ്കൃത കാളേജിൽ പ്രീയൂണിവേഴ്സിറ്റി കോഴ്സു് തുടങ്ങുമെന്നു പ്രതീക്ഷിക്കാമോ ?

ശ്രീ. ആർ. ശങ്കർ : തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ : അവിടെയുള്ള സംസ്കൃത മിഡിൽസ്കൂൾ സെക്കൻഡറിസ്കൂളായി ഉയർത്തണമെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെ കാളേജാക്കി ഉയർത്തുമ്പോൾ അതു് എല്ലാ ചെയ്യണമെന്നു് ആലോചിക്കുകയാണു്.

കേരളകലാമണ്ഡലം സ്റ്റാഫു്

* 703. [6] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കേരളകലാമണ്ഡലം സ്റ്റാഫിനു് 2-3-1963-ാം തീയതി ഗവണ്മെന്റു് നടപ്പാക്കിയ എം. എസ്സു്. 128-ാം നമ്പർ കൽപ്പനയുടെ അടിസ്ഥാനത്തിൽ പുതിയ ശമ്പള സ്കെയിലുകൾ നടപ്പിലാക്കീട്ടുണ്ടോ ;

(ബി) പുതിയ ശമ്പള നിരക്കനുസരിച്ചു് മുമ്പു് കിട്ടിവന്നിരുന്ന ശമ്പളത്തിൽ ആക്കെക്കിലും കുറവു വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) ഇതു സംബന്ധമായി സ്റ്റാഫു് അസോസിയേഷനിൽനിന്നു 11-7-1963-ൽ യിലെ ഒരു മെമ്മോറാണ്ടം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിലെ പ്രധാന ആവശ്യങ്ങൾ എന്തൊക്കെയാണു് ;

(ഈ) തുടർന്നു് എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്. ശമ്പളക്കുറവു് കാണിക്കുന്ന ഒരു † പട്ടിക മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly